"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 —കേരള പാഡി പ്രോക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) 4505-ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.97/2024/Co-Op    തീയതി,തിരുവനന്തപുരം, 15-02-2024

---

പരാമർശം:- 1. 14/07/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2 . സഹകരണ സംഘം രജിസ്ട്രാറുടെ 24/11/2023 ലെ പി&എം.ബി (3)5997/2023നം കത്ത്.

**ഉത്തരവ്**

കേരള പാഡി പ്രോക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) 4505-ന് കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ കർഷകരെ സഹായിക്കുന്നതിനായി കോട്ടയം ആലപ്പുഴ ജില്ലകളിലായി 2 ആധുനിക റൈസ് മില്ലുകളും ഗോഡൗണുകളും സ്ഥാപിക്കുന്ന പദ്ധതിക്ക് സർക്കാർ ധനസഹായമായി 5.00 കോടി രൂപ (ഓഹരി- 2.50 കോടി രൂപ, സബ്സിഡി-2.50 കോടിരൂപ) അനുവദിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ 14/7/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിച്ചിരുന്നു. പ്രോജക്റ്റ് പ്രകാരമുള്ള ബാക്കി തുക AIF (Agriculture Infrastructure Fund) മുഖാന്തിരമോ/മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെയോ കണ്ടെത്തുവാനും, സംഘത്തിന്റെ പേരിൽ ബാധ്യതാരഹിത വസ്തു ഉണ്ടോ എന്ന് ഉറപ്പു വരുത്താനും വർക്കിംഗ് ഗ്രൂപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരള പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) 4505-ന്റെ ഉടമസ്ഥതയിൽ മീനച്ചിൽ താലൂക്കിൽ കിടങ്ങൂർ വില്ലേജിൽ റീസർവ്വേ നമ്പർ 58/4, 51/2A, 5/7/3, 58/4/1, 51/2, 21/4/1, 57/4, 57/3/1, 57/5, 21/23-ൽ ഉൾപ്പെട്ട 3 ഹെക്ടർ 85 ആർ 38 ച.മി ബാധ്യതാരഹിത പുരയിടവും 4.30 ആർ ബാധ്യതാ രഹിത നിലവും

ഉള്ളതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള പാഡി പ്രോക്യയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) -ന് സബ്സിഡി - 2425-108-67-34-3 – 250.00 ലക്ഷം, ഓഹരി - 4425-108-68-34-3 – 250.00 ലക്ഷം ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും റിലീസ് ഉത്തരവും ലഭ്യമാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 14/7/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും , സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരള പാഡി പ്രൊക്യൂയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) 4505-ന് കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ കർഷകരെ സഹായിക്കുന്നതിനായി കോട്ടയം ആലപ്പുഴ ജില്ലകളിലായി 2 ആധുനിക റൈസ് മില്ലുകളും ഗോഡൗണുകളും സ്ഥാപിക്കുന്ന പദ്ധതിക്കായി സബ്സിഡി - 2425-108-67-34-3 – 250.00 ലക്ഷം, ഓഹരി - 4425-108-68-34-3 – 250.00 ലക്ഷം ഉൾപ്പെടെ ആകെ 500.00 ലക്ഷം രൂപ (അഞ്ഞൂറ് ലക്ഷം രൂപ മാത്രം) 2023-24 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) |
|---|---|---|
| 1 | 2425-108-67-34-3 സബ്സിഡി | 250,00,000 |
| 2 | 4425-108-68-34-3 ഓഹരി | 250,00,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രസിഡന്റ്, കാപ്കോസ് (സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം)

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 16-02-2024 10:25:51
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2 . സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി